## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*412

**20-03-2018 ൽ മറുപടിയ്ക്ക്**

## തരിശിടുന്ന നെൽവയലുകളിൽ കൃഷിയിറക്കാൻ നടപടി

**ചോദ്യം**
ശ്രീ.കെ.സി.ജോസഫ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി ലാഭകരമല്ലാതായതോടെ നെൽവയലുകൾ തരിശ് ഇടുന്ന പ്രവണത വർദ്ധിച്ചതായി കണ്ടെത്തി യിട്ടുണ്ടോ; | (എ) | നെൽകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതും ഈ സർക്കാരിന്റെ പ്രവർത്തന ഫലമായി പൊതുസമൂഹത്തിന് കാർഷിക മേഖലയോടുള്ള സമീപനത്തിലുണ്ടായ മാറ്റവും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് ജനകീയ ഇടപെടലുകളിലൂടെ നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള വിള ഇൻഷ്വറൻസ് പദ്ധതി വഴി നൽകിവരുന്ന ആനുകൂല്യം കാലോചിതമായി പരിഷ്കരിച്ചതിനെ ത്തുടർന്ന് നെൽകൃഷി ലാഭകരമായ ഒരു തൊഴിൽ എന്ന നിലയിലേയ്ക്ക് ഉയർന്നിട്ടുണ്ട്. പ്രൊഫഷണലുകൾ ആയ ചെറുപ്പക്കാർ, കുടുംബശ്രീ സംരംഭകർ തുടങ്ങി സമൂഹത്തിന്റെ നാനാ തുറകളിലുള്ളവർ നെൽകൃഷിയിലേയ്ക്ക് ധാരാളമായി കടന്ന് വരുന്നുണ്ട്. |
| (ബി) | കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് നെൽകൃഷിചെയ്യുന്ന സ്ഥലങ്ങളുടെ വിസ്തൃതിയിൽ എത്ര മാത്രം കുറവുണ്ടായെന്ന് വ്യക്തമാക്കുമോ; | (ബി) | 2007-08 മുതൽ 2009-10 വരെയുള്ള മൂന്നു വർഷക്കാലം നെൽകൃഷി വിസ്തൃതിയിൽ വർദ്ധനവായിരുന്നു എങ്കിലും ആയതിന് ശേഷം 2015-16 വരെ ക്രമേണ വിസ്തൃതി 196870 ഹെക്ടർ ആയി കുറയുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിരന്തരമായ ഇടപെടലുകളിലൂടെ വിസ്തൃതി വർദ്ധിപ്പിച്ചു എങ്കിലും 2016-17 വർഷത്തിൽ ഈ നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷമായ വരൾച്ചമൂലം നെൽകൃഷിയിൽ 50917.62 ഹെക്ടർ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ട്. 2017-18 ൽ കൃഷി വകുപ്പിന്റെ നക്കൽ കണക്കുകൾ പ്രകാരം 220449.375 ഹെക്ടർ കൃഷി ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തരിശിട്ടുന്ന നെൽവയലുകൾ പാടശേഖര സമിതികൾക്കോ സ്വയം സഹായ സംഘങ്ങൾക്കോ രണ്ട് വർഷം കൃഷിക്ക് ഏല്പിച്ച് കൊടുക്കുന്ന നിയമനിർമ്മാണം ഈ മേഖലയിൽ എന്ത് മാറ്റം ഉണ്ടാക്കിയെന്ന് വ്യക്തമാക്കുമോ? | (സി) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വരുത്തിയ പുതിയ ഭേദഗതി പ്രകാരം നെൽവയലുകൾ പരിവർത്തനപ്പെടുത്തുന്നത് ജാമ്യമില്ലാത്ത കുറ്റമായി പരിഗണിക്കുകയും തരിശിട്ടുന്ന നെൽവയലുകൾ കൃഷി ചെയ്യുന്നതിനോ കൃഷി ചെയ്യാൻ അനുവദിക്കുന്നതിനോ ഉടമസ്ഥരെ നിർബന്ധിതരാക്കുന്നതിനും അല്ലാത്ത പക്ഷം കൃഷി ചെയ്യുന്നതിനുള്ള അവകാശം അനുവദിച്ച് നൽകുന്നതിന് റവന്യൂ അധികാരികൾക്ക് അനുവാദം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഈ നിയമഭേദഗതിയുടെ ഫലമായി തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ മാറി കൂടുതൽ മേഖലയിലേയ്ക്ക് തിരശുനില കൃഷി വ്യാപിപ്പിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ ഇതിനകം തന്നെ സർക്കാരിന്റെ ഇടപെടൽ മൂലം തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനും നെൽകൃഷി വ്യാപിപ്പിക്കുന്നതിനും ത്രിതല പഞ്ചായത്തുകൾ, വിവിധ കർഷക സംഘങ്ങൾ, പാടശേഖര സമിതികൾ, കുടുംബശ്രീകൾ, യുവാക്കളുടെ കൂട്ടായ്മകൾ എന്നിവയുടെ മുൻകൈയാൽ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ഈ മേഖലയിൽ പൊതുവായ ഉണർവ്വ് ഉണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ലക്ഷ്യമിട്ടതിലും അധികം തരിശുനിലകൃഷിയും, കരനെൽകൃഷിയും ചെയ്യാൻ സാധിച്ചതും മറ്റും ഈ ഉണർവ്വിന്റെയും കൂട്ടായ്മയുടെയും തെളിവാണ്. |

സെക്ഷൻ ഓഫീസർ